(സി) കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) 2001-02, 2002-03, 2003-04 സാമ്പത്തിക വർഷങ്ങളിൽ നഷ്ടപരിഹാരമായി ഈ ഇനത്തിൽ എന്തു തുക വീതം കർഷകർക്ക് നൽകിയെന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവിധ ജില്ലകളിൽ നിന്നും ഇതുവരെ ലഭ്യമായ കണക്കുകളനുസരിച്ച് 19680 ഹെക്ടറിൽ കൃഷിനാശം സംഭവിച്ചിട്ടുണ്ട്. ഇതുമൂലം 177.46 കോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായിരിക്കുന്നത്. തൃശ്ശൂർ ജില്ലയിലാണ് ഏറ്റവും കൂടുതൽ നാശനഷ്ടം ഉണ്ടായിട്ടുള്ളത്.

(ബി) ജില്ല തിരിച്ചുള്ള നാശനഷ്ടങ്ങളുടെ കണക്ക് അനുബന്ധം 1 ആയി വച്ചിരിക്കുന്നു.† പഞ്ചായത്ത്, മുനിസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിലെ നാശനഷ്ടങ്ങൾ കണക്കാക്കി വരുന്നു.

(സി) കൃഷിനാശം സംബന്ധിച്ചുള്ള നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫീൽഡ് പരിശോധനകൾ നടന്നു വരികയാണ്. അർഹരായവർക്ക് ധനസഹായം ഉടനടി നൽകുന്നതാണ്.

(ഡി) വിശദവിവരം അനുബന്ധം 2-ൽ വച്ചിരിക്കുന്നു.††

"കാലവർഷത്തിലും കൊടുങ്കാറ്റിലും ഉണ്ടായ നാശനഷ്ടങ്ങൾ"

39 [653] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ഇത്തവണത്തെ ശക്തമായ കാല വർഷത്തിലും കൊടുങ്കാറ്റിലും എത്തെല്ലാം നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്;

(ബി) വിവിധ ജില്ലകളിലായി എത്ര കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) പാലക്കാട് ജില്ലയിൽ എത്ര വീടുകൾ നശിച്ചിട്ടുണ്ട്;

(ഡി) എത്ര ഹെക്ടറിലെ നെൽക്കൃഷി നശിച്ചിട്ടുണ്ട്;

(ഇ) മറ്റ് വിളകൾ എത്ര ഹെക്ടറോളം നശിച്ചിട്ടുണ്ട്;

(എഫ്) വിവിധ കൃഷിവിളകൾ എത്ര കോടി രൂപയ്ക്ക് നഷ്ടപ്പെട്ടിട്ടുണ്ട്;

(ജി) കൃഷി നശിച്ച കൃഷിക്കാർക്ക് എത്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ കാലവർഷക്കെടുതികൾ ഏറ്റവും രൂക്ഷമായി അനുഭവപ്പെട്ടത് വടക്കൻ ജില്ലകളെയാണ്. 25-6-2004 വരെ ലഭ്യമായ കണക്കനുസരിച്ച് 84 ആളുകൾക്ക് ജീവഹാനി സംഭവിക്കുകയും, 13 പേരെ കാണാതാകുകയും, 140 പേർക്ക് പരിക്കുപറ്റുകയും, ധാരാളം കൃഷിനാശം സംഭവിക്കുകയുമുണ്ടായിട്ടുണ്ട്. മഴ ഇപ്പോഴും തുടരുന്നതിനാൽ ഇതുവരെയുണ്ടായ യഥാർത്ഥ നഷ്ടം തിട്ടപ്പെടുത്തി വരുന്നതേയുള്ളു.

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 261 വീടുകൾ

(ഡി) പാലക്കാട് ജില്ലയിൽ 2022 ഹെക്ടർ നശിച്ചു.

(ഇ) പാലക്കാട് ജില്ലയിൽ 120 ഹെക്ടർ നശിച്ചിട്ടുണ്ട്.

(എഫ്) ഇപ്പോഴുണ്ടായ കാലവർഷക്കെടുതിമൂലം ഇതുവരെ കേരളമാകെ 19680 ഹെക്ടറിലെ കൃഷി പൂർണ്ണമായും നശിച്ചിട്ടുണ്ട്. ഇതുമൂലം 177.45 കോടി രൂപുടെ നാശനഷ്ടമാണ് കണക്കാക്കിയിതിക്കുന്നത്.

(ജി) നെൽകൃഷി നാശം സംഭവിച്ചവർക്ക് സൗജന്യമായി നെൽവിത്തുകളും ധനസഹായവും, മറ്റ് വിളകൾക്ക് നാശനഷ്ടം കണക്കാക്കി അർഹമായ സാമ്പത്തിക സഹായവും നൽകിവരുന്നു.

2003-2004 വർഷത്തിലെ വരൾച്ചാ ദുരിതാശ്വാസ തുക

40 [654] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 വർഷത്തിൽ വരൾച്ചാ ദുരിതാശ്വാസ ഫണ്ട് ഇനത്തിൽ ഓരോ ജില്ലക്കും എത്ര തുക വീതം അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഓരോ ജില്ലയും എത്ര തുക വീതം ചെലവഴിച്ചു;

(സി) കണ്ണൂർ ജില്ലയിൽ ഈ ഇനത്തിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും 2003-04 വർഷം വരൾച്ചാ ദുരിതാശ്വാസത്തിനായി ഓരോ ജില്ലക്കും അനുവദിച്ച തുക താഴെക്കാണും പ്രകാരമാണ്:

ജില്ല	*തുക ലക്ഷത്തിൽ*
തിരുവനന്തപുരം	.. 457
കൊല്ലം	.. 400
പത്തനംതിട്ട	.. 350
ആലപ്പുഴ	.. 418
കോട്ടയം	.. 346
ഇടുക്കി	.. 471
എറണാകുളം	.. 260
തൃശ്ശൂർ	.. 461
പാലക്കാട്	.. 1577
മലപ്പുറം	.. 296
കോഴിക്കോട്	.. 214
വയനാട്	.. 498
കണ്ണൂർ	.. 250
കാസറഗോഡ്	.. 304
ആകെ	.. 6302

LIBRARY ARCHIVES Kerala Legislative Assembly